നിർമ്മാണത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംശാദായം

45 [477] ശ്രീമതി രാധാരാഘവൻ:
ശ്രീ. എം. മുരളി:
,, പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർമ്മാണത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംശാദായം അടയ്ക്കുന്ന രീതിയിൽ എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) നിർമ്മാണത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്ന് പെൻഷൻ നൽകുന്നതിനുള്ള നടപടിക്രമത്തിൽ എന്തെങ്കിലും മാറ്റങ്ങൾ വരുത്തിയിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം മാറ്റങ്ങൾ വരുത്തിയിട്ടുണ്ട് എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) നിർമ്മാണത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ പുതുതായി ചേരുന്ന അംഗത്തൊഴിലാളികളുടെ അംശാദായം അടയ്ക്കുന്നതിന് പുതിയ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. 25-8-2003-ലെ ബോർഡിന്റെ അറിയിപ്പ് പ്രകാരം സംസ്ഥാനത്ത് ഒട്ടാകെ നിർമ്മാണത്തൊഴിലാളി ക്ഷേമബോർഡിലേക്ക് പുതുതായി അംഗങ്ങളായി ചേരുന്നവർക്ക് ജില്ലാ സഹകരണ ബാങ്കിന്റെ ബ്രാഞ്ചുകളിൽ ഒരെണ്ണം തിരഞ്ഞെടുത്ത് അംശാദായം അടയ്ക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. പഴയ അംഗങ്ങൾ അവർ ഏത് ബാങ്കിന്റെ ശാഖയിലാണോ അംശാദായം അടയ്ക്കുന്നത് ആ ശാഖയിൽതന്നെ ഇനിയൊരറിയിപ്പ് ഉണ്ടാകുന്നതുവരെ തുടർന്നും അടയ്ക്കാനാണ് ബോർഡ് നിർദ്ദേശം നൽകിയിട്ടുള്ളത്. പുതുതായി അംശാദായം അടയ്ക്കുന്ന ഓരോ അംഗത്തൊഴിലാളിക്കുവേണ്ടിയും ബോർഡിൽ നിന്നും 25 പൈസ വീതം സർവീസ് ചാർജ്ജായി സഹകരണബാങ്കിന് നൽകാനും ബോർഡ് തീരുമാനിച്ചിട്ടുണ്ട്.

(ബി) നിർമ്മാണത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും പെൻഷൻ നൽകുന്നതിനുള്ള നടപടി ക്രമങ്ങളിൽ മാറ്റം വരുത്തിയിട്ടുണ്ട്. ബോർഡിൽനിന്നും രണ്ട് വിധത്തിലാണ് പെൻഷൻ നൽകി വരുന്നത്. ഒന്ന് നേരിട്ടും മറ്റൊന്ന് മണിയോർഡർ വഴിയും. 25-8-2003-ലെ ബോർഡിന്റെ അറിയിപ്പു പ്രകാരം പാസ്സ് ബുക്ക് വഴി നേരിട്ട് വിതരണം ചെയ്യുന്ന പെൻഷൻ ജില്ലാ സഹകരണ ബാങ്കിന്റെ തെരഞ്ഞെടുക്കപ്പെട്ട ശാഖകൾ വഴി വിതരണം ചെയ്യാൻ തീരുമാനിക്കുകയും അതുപ്രകാരം ഒരു കാർട്ടറിലെ പെൻഷൻ എറണാകുളം ജില്ല ഒഴികെ മറ്റെല്ലാ ജില്ലകളിലും നൽകിക്കഴിഞ്ഞു. 1-4-2004 മുതൽ മണിയോർഡർ വഴി പെൻഷൻ നൽകുന്നവർക്കും അവർ തെരഞ്ഞെടുത്ത് അക്കൗണ്ട് തുടങ്ങുന്ന സഹകരണബാങ്കിന്റെ ബ്രാഞ്ചുകൾ വഴി പെൻഷൻ നൽകാനും ബോർഡ് തീരുമാനമെടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly